നം. 15484/പാർല/2019/നിയമം

നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3467**

**20.06.2019-ൽ** മറുപടി നൽകേണ്ടിയിരുന്നത്

**ചട്ടങ്ങൾ രൂപീകരിക്കാനുള്ള കാലതാമസം**

**ചോദ്യം**

ശ്രീ. പി.കെ. ബഷീർ

**മറുപടി**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നിയമസഭ പാസ്സാക്കിയ ഏതെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഇനിയും ചട്ടങ്ങൾ തയ്യാറാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിയമങ്ങൾ പാസ്സാക്കിയ വർഷം, ആയത് ഏത് വകുപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നിവ ഉൾപ്പെടെയുള്ള | 1993-ലെ പിന്നാക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ടുമായി ബന്ധപ്പെട്ട ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്വീകരിച്ചു വരുന്നു. |

നം. 15484/പാർല/2019/നിയമം നിയമ (പാർല) വകുപ്പ്

| | | |
|---|---|---|
| | വിശദാംശങ്ങൾ ലഭ്യമാക്കുമോ; | |
| ബി) | എങ്കിൽ പ്രസ്തുത നിയമങ്ങളിൽ ഇനിയും കാലതാമസം കൂടാതെ ചട്ടങ്ങൾ തയ്യാറാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; | കാലതാമസം കൂടാതെ ചട്ടങ്ങൾ തയ്യാറാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വരുന്നു. |
| സി) | നിയമസഭ പാസ്സാക്കുന്ന നിയമങ്ങളുടെ ചട്ടങ്ങൾ രൂപീകരിക്കാൻ സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ചട്ടങ്ങൾ രൂപീകരിക്കാനുള്ള കാലതാമസം ഒഴിവാക്കാൻ സമയപരിധി നിശ്ചയിക്കുമോ എന്നറിയിക്കാമോ? | കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 238(2)-പ്രകാരം സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. |

Geetha

സെക്ഷൻ ഓഫീസർ